# 5 ഇന്ത്യയിലെ ജനസംഖ്യാപ്രവണതകൾ



ഇന്ത്യയിലെ അമിതജനസംഖ്യ : ജനസംഖ്യയും ഭക്ഷ്യോൽപാദന ശേഷിയും നേർക്കുനേർ

ഇന്ത്യയിലെ കുതിച്ചുയരുന്ന ജനസംഖ്യ വർധിച്ചുവരുന്ന ദാരിദ്ര്യവും പോഷകാഹാരക്കുറവും അഭിമുഖീകരിക്കുന്നു

ഏറ്റവും ജനസംഖ്യയുള്ള രാജ്യം : ഇന്ത്യ സന്തോഷിക്കുമോ? പരിഭ്രമിക്കുമോ?

ഇന്ത്യയിലെ ജനസംഖ്യ : തൊഴിൽ പ്രതിസന്ധി ദശലക്ഷക്കണക്കിന് ആളുകളെ വലിയ നഗരങ്ങളിലേക്ക് നയിക്കുന്നു

ജനസംഖ്യാവർധനവ് ആരോഗ്യമേഖലയിലും ജീവിതഗുണനിലവാരത്തിലും ദൂരവ്യാപകമായ പ്രതിസന്ധി സൃഷ്ടിക്കുന്നു.

ഇന്ത്യയിലെ ജനസംഖ്യ : കുഴയ്ക്കുന്ന ഒരു പ്രശ്നം

വാർത്താതലക്കെട്ട് വായിച്ചുവല്ലോ. ഇന്ത്യയുടെ ജനസംഖ്യാവളർച്ചയെക്കുറിച്ചാണ് ഇവ സൂചിപ്പിക്കുന്നത്. ജനസംഖ്യ വർധിക്കുമ്പോൾ എന്തൊക്കെ പ്രശ്നങ്ങളാണ് ഉണ്ടാകുന്നത്?

- ദാരിദ്ര്യം
- തൊഴിലില്ലായ്മ
- പട്ടിണി
- 

ഒരു പ്രദേശത്ത് നിശ്ചിതകാലയളവിൽ അധിവസിക്കുന്ന ജനങ്ങളുടെ ആകെ എണ്ണമാണ് ആ പ്രദേശത്തെ ജനസംഖ്യ. ജനങ്ങളുടെ എണ്ണം വർധിക്കുമ്പോൾ രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക പുരോഗതിയെ എങ്ങനെ ബാധിക്കുന്നുവെന്ന് വാർത്താതലക്കെട്ടുകൾ സൂചിപ്പിക്കുന്നു. ഇത്തരത്തിലായാൽ നമ്മുടെ രാജ്യത്തിന് സുസ്ഥിര വികസനം നേടാൻ സാധിക്കുമോ? ഭൂമിയിലെ ലഭ്യമായ വിഭവങ്ങൾക്കാനുപാതികമായി ജനസംഖ്യയെ നിയന്ത്രിക്കേണ്ടതല്ലേ?

2023-ലെ യുണൈറ്റഡ് നേഷൻസ് പോപ്പുലേഷൻ ഫണ്ട് (UNFPA) റിപ്പോർട്ട് പ്രകാരം ലോകജനസംഖ്യ 804.5 കോടിയും ഇന്ത്യയിലെ ജനസംഖ്യ 142.86 കോടിയുമാണ്.

### യുണൈറ്റഡ് നേഷൻസ് പോപ്പുലേഷൻ ഫണ്ട് (UNFPA)

ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള ഒരു അന്താരാഷ്ട്ര ഏജൻസിയാണ് യുണൈറ്റഡ് നേഷൻസ് പോപ്പുലേഷൻ ഫണ്ട്. എല്ലാ വ്യക്തികൾക്കും മികച്ച രീതിയിലുള്ള പ്രത്യുൽപാദന ആരോഗ്യസംവിധാനങ്ങൾ, സ്വമേധയാലുള്ള കുടുംബാസൂത്രണം, മാതൃആരോഗ്യപരിപാലനം, വയോജന പരിപാലനം, സമഗ്ര ലൈംഗികവിദ്യാഭ്യാസം എന്നിവ ലഭ്യമാക്കുകയും അതുവഴി ജനസംഖ്യയുടെ വികസനം സാധ്യമാകുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യം.

ഒരു രാജ്യത്തിന്റെ അല്ലെങ്കിൽ പ്രദേശത്തിന്റെ സാമൂഹികവികസനസൂചിക നിർണ്ണയിക്കുന്നത് അവിടത്തെ ജനസംഖ്യാവിവരങ്ങൾ (ജനനനിരക്ക്, മരണനിരക്ക്, ശിശുമരണനിരക്ക്, പ്രായഘടന മുതലായവ) കണക്കിലെടുത്താണ്. അതിനായി ജനസംഖ്യയുടെ വ്യത്യസ്തപ്രവണതകളെയും ജനസംഖ്യാഘടനയെയും കുറിച്ച് നാം മനസ്സിലാക്കേണ്ടതുണ്ട്.

ജനന-മരണനിരക്കുകൾ, കുടിയേറ്റം, ജനസാന്ദ്രത തുടങ്ങി ജനസംഖ്യാഘടനയെ കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖയെ ജനസംഖ്യാശാസ്ത്രം (Demography) എന്നുപറയുന്നു.

ഒരു പ്രദേശത്തിന്റെ വൈവിധ്യമാർന്ന മാനുഷികവിഭവങ്ങളെയും അതിന്റെ ഘടനാപരമായ മാറ്റങ്ങളെയും ജനസംഖ്യാശാസ്ത്രം വിശകലനംചെയ്യുന്നു. ഈ മാനുഷികവിഭവങ്ങൾ ഒരു സമൂഹത്തിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്താമെന്നുള്ള വിശദമായ പഠനരീതിയാണ് ജനസംഖ്യാശാസ്ത്രം എന്നതുകൊണ്ട് അർഥമാക്കുന്നത്.

ചിട്ടയായ ജനസഖ്യാപഠനമാണ് ജനസംഖ്യാശാസ്ത്രം (Demography). ഈ പദം ഗ്രീക്ക് പദങ്ങളായ Demos (ജനങ്ങൾ) Graphein (വിശദീകരിക്കുക) എന്നിവ ചേർന്നുണ്ടായതാണ്.

ജനങ്ങളെക്കുറിച്ചുള്ള വിവരണത്തെയാണിത് സൂചിപ്പിക്കുന്നത്. ജനസംഖ്യയുമായി ബന്ധപ്പെട്ട പ്രവണതകളെയും പ്രക്രിയകളെയും കുറിച്ച് ഇത് പഠിക്കുന്നു.

ജനസംഖ്യയുടെ വലുപ്പത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ് ജനനം, മരണം, കുടിയേറ്റം തുടങ്ങിയവ. ഒരു പ്രദേശത്തെ ജനസംഖ്യാവലുപ്പത്തിന് (size of population) മാറ്റമുണ്ടാകുന്നത് ഇവയുടെ അളവിനനുസരിച്ചാണ്. ഒരു പ്രദേശത്തെ ജനസംഖ്യയുടെ ഘടനയെയും ക്രമീകരണത്തെയും (structure and composition of population) മനസ്സിലാക്കുന്നത് അവിടെയുള്ളവരുടെ പ്രായഘടന, സ്ത്രീ-പുരുഷാനുപാതം, ആശ്രിതാനുപാതം തുടങ്ങിയവ കണക്കിലെടുത്താണ്.

ഒരു പ്രദേശത്തു താമസിക്കുന്ന ജനങ്ങളുടെ ചിട്ടയായ ദത്തശേഖരണത്തിലൂന്നിയുള്ള സർവെ, സെൻസസ് തുടങ്ങിയവ അടിസ്ഥാനമാക്കിയാണ് എല്ലാ ജനസംഖ്യാപഠനങ്ങളും നടത്തുന്നത്. ജനസംഖ്യാശാസ്ത്രത്തിന്റെ സങ്കല്പനങ്ങൾ മിക്കതും അനുപാതത്തിന്റെയും നിരക്കുകളുടെയും രൂപത്തിലാണ് സൂചിപ്പിക്കുന്നത് - ഉദാഹരണമായി ജനനനിരക്ക്, മരണനിരക്ക്, സ്ത്രീ-പുരുഷാനുപാതം, ആശ്രിതാനുപാതം മുതലായവ.

ജനസംഖ്യാശാസ്ത്രത്തിന്റെ രണ്ടുശാഖകളാണ് സാമൂഹിക ജനസംഖ്യാശാസ്ത്രവും ഔപചാരിക ജനസംഖ്യാശാസ്ത്രവും.

സാമൂഹിക ജനസംഖ്യാശാസ്ത്രം (Social Demography) ജനസംഖ്യയുടെ ഘടനയും അവയുടെ മാറ്റത്തിന്റെ കാരണങ്ങളും അനന്തരഫലങ്ങളും അന്വേഷിക്കുന്നു. ഒരു പ്രദേശത്തെ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ രീതികൾക്കു പ്രാധാന്യം നൽകുന്നു.


ഔപചാരിക ജനസംഖ്യാശാസ്ത്രത്തിൽ (Formal Demography) ജനസംഖ്യാമാറ്റത്തിന്റെ ഘടകങ്ങളെ അളക്കുകയും വിശകലനം നടത്തുകയും ചെയ്യുന്നു. ഔപചാരിക ജനസംഖ്യാശാസ്ത്രപഠനത്തിന് ഉദാഹരണമാണ് ജനസംഖ്യാകണക്കെടുപ്പ് (Census). ഇത് രാജ്യത്തെ ജനങ്ങളുടെ എണ്ണം, പ്രായഘടന, സ്ത്രീ-പുരുഷാനുപാതം, സാമൂഹിക-സാമ്പത്തികാവസ്ഥ തുടങ്ങിയ ദത്തങ്ങൾ ശേഖരിച്ച് വിശകലനം ചെയ്യുന്നു.

ഇന്ത്യയിൽ സെൻസസ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് രജിസ്ട്രാർ ജനറൽ ആന്റ് സെൻസസ് കമ്മീഷണർ ഓഫ് ഇന്ത്യയാണ്. ലോകത്തിലെ ഏറ്റവും വലിയ സെൻസസ് ഇന്ത്യയുടേതാണ്. സാധാരണയായി പത്തുവർഷത്തിൽ ഒരിക്കലാണ് ഇന്ത്യയിൽ സെൻസസ് നടത്തുന്നത്.

- ഇന്ത്യയിൽ സെൻസസ് ആരംഭിച്ചത് എപ്പോഴാണ്?
- ഇന്ത്യയിൽ അവസാനത്തെ സെൻസസ് നടന്നത് എപ്പോഴാണ്?

## ഇന്ത്യയുടെ ജനസംഖ്യാവളർച്ച

| വർഷം | ആകെ ജനസംഖ്യ (ദശലക്ഷത്തിൽ) |
|---|---|
| 1901 | 238 |
| 1911 | 252 |
| 1921 | 251 |
| 1931 | 279 |
| 1941 | 319 |
| 1951 | 361 |
| 1961 | 439 |
| 1971 | 548 |
| 1981 | 683 |
| 1991 | 846 |
| 2001 | 1028 |
| 2011 | 1210 |




നൽകിയിട്ടുള്ള പട്ടികയും ഗ്രാഫും നിരീക്ഷിച്ച് ഇന്ത്യയിലെ ജനസംഖ്യാവളർച്ചയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

Source: Census of India 2011 (Provisional).
website: http//censusindia.gov.in

## ജനസംഖ്യാശാസ്ത്രത്തിന്റെ സാമൂഹികപ്രാധാന്യം

വൈവിധ്യമാർന്ന ജനസംഖ്യയെക്കുറിച്ചാണ് ജനസംഖ്യാശാസ്ത്രം പഠനവിധേയമാക്കുന്നത്. ജനസംഖ്യയുടെ ചലനാത്മകതയെയും വികസനത്തെയും കുറിച്ച് പഠിക്കുന്നു. ജനസംഖ്യയുടെ വിശകലനം സാധ്യമാകുന്നത് അത് സാമൂഹിക സാഹചര്യങ്ങളുമായി ഇഴചേർന്ന് നിൽക്കുമ്പോഴാണ്. സാമൂഹിക ജനസംഖ്യാശാസ്ത്രം ജനസംഖ്യാഘടനയും മാറ്റവും സംബന്ധിച്ചുള്ള അന്വേഷണവും അത് എങ്ങനെ സമൂഹശാസ്ത്രപരമായ ഘടകങ്ങളുമായി (പ്രദേശം, മതം, ജാതി, ജെൻഡർ മുതലായവ) ഇടപെടുന്നു എന്നതാണ് കൈകാര്യം ചെയ്യുന്നത്. ഒരു പ്രദേശത്തെ ജനസംഖ്യാഘടകങ്ങൾ ആ പ്രദേശത്തെ വിവിധ സാമൂഹികഘടകങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് സാമൂഹിക ജനസംഖ്യാശാസ്ത്രം വിശകലനം ചെയ്യുന്നു. ഇത്തരത്തിൽ ജനസംഖ്യാശാസ്ത്രപഠനം ഒരു സാമൂഹീകരണ പ്രക്രിയയാണ്.

**സാമൂഹികഘടകങ്ങൾ :**

- സംസ്കാരം
- വഴക്കങ്ങൾ
- മതം
- സാമൂഹികനിയന്ത്രണം
- സാമ്പത്തികം
- സമുദായം മുതലായവ

**ജനസംഖ്യാഘടകങ്ങൾ :**

- ജനസംഖ്യാവലുപ്പം
- പ്രായവും ലിംഗപദവിയും
- ജനസംഖ്യാമാറ്റം
- ആഭ്യന്തരകുടിയേറ്റം
- രാജ്യാന്തരകുടിയേറ്റം
- രോഗാതുരത മുതലായവ

ഇന്ത്യയിൽ ജനസംഖ്യാപഠനം നടത്തുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളാണ് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് (NSO), നീതി ആയോഗ് (National Institution for Transforming India), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പോപ്പുലേഷൻ സയൻസസ് (NIPS) നാഷണൽ ഫാമിലി ഹെൽത്ത് സർവേ (NFHS) തുടങ്ങിയവ.

ജനസംഖ്യാശാസ്ത്രത്തിന്റെ വ്യത്യസ്ത സൂചകങ്ങളെ പരിചയപ്പെടാം.





## കുടിയേറ്റം

ഈ കവിത ശ്രദ്ധിക്കൂ.

> "ജനിച്ചനാടുവിട്ടകലെയാസ്സാമിൽ
> പണിക്കുപോകുന്ന പരിഷകൾ നമ്മൾ
> കുതിച്ചു തീവണ്ടി കിതച്ചു പായുന്നു
> തിരയടിക്കും താഴ്‌വാരവും പാടവും"
>
> ആസ്സാം പണിക്കാർ (വൈലോപ്പിള്ളി ശ്രീധരമേനോൻ)

രണ്ടാം ലോകയുദ്ധകാലത്ത് കേരളത്തിൽനിന്നും ആസ്സാമിലേക്ക് തൊഴിലന്വേഷിച്ചു പോയ ആളുകളെക്കുറിച്ചാണ് വൈലോപ്പിള്ളി തന്റെ കവിതയിൽ പരാമർശിക്കുന്നത്.

1941 കാലഘട്ടത്തിൽ കേരളത്തിലെ ജനങ്ങൾ തൊഴിൽതേടി ആസ്സാമിലേക്ക് പോയിരുന്നു എന്ന് മനസിലാക്കിയല്ലോ? നിലവിൽ ആസ്സാമിൽനിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും ജനങ്ങൾ കേരളത്തിലേക്കാണ് വരുന്നത്.


മറുനാടൻ തൊഴിലാളികളെ
'അതിഥിത്തൊഴിലാളികൾ'
എന്നു വിളിച്ചു കേരളം, കൈയടിച്ചു
ലോകം

കേരളത്തിൽ ഒരു പുതിയ വാക്ക്
ഉപയോഗിച്ചാണ് കുടിയേറ്റത്തൊഴിലാളികളെ
പരമാർശിക്കുന്നത്
'അതിഥി തൊഴിലാളികൾ'.

നല്കിയിട്ടുള്ള പത്രവാർത്ത ശ്രദ്ധിച്ചുവല്ലോ? അതിഥിത്തൊഴിലാളികൾ എന്ന പ്രയോഗം നിങ്ങൾ എവിടെയെങ്കിലും കേട്ടിട്ടുണ്ടോ?

അതിഥിത്തൊഴിലാളികൾ ഇന്ന് കേരളീയ സമൂഹത്തിന്റെ ഭാഗമായി മാറി. നഗര-ഗ്രാമഭേദമന്യേ ഏത് മേഖലയിലും ഇന്ന് അതിഥിത്തൊഴിലാളികളുണ്ട്. അവർ ഒരു ദേശത്ത് നിന്നും മറ്റൊരു ദേശത്തേക്ക് തൊഴിൽതേടി പോകുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാവാം?

കൂടുതൽ വിവരങ്ങൾ കൂട്ടിച്ചേർക്കുമല്ലോ.

- മെച്ചപ്പെട്ട വരുമാനം
- ഉയർന്ന സാമൂഹികപദവി
- 
- 

## കേരളത്തിലെ കുടിയേറ്റചരിത്രം

മലയാളം സംസാരിക്കുന്ന ജനത കൂട്ടായ ഒരു ദേശീയബോധം, ഭാഷ, ഭൂമിശാസ്ത്രം എന്നിവയുടെ അടിസ്ഥാനത്തിൽ കേരളീയർ എന്ന ഒറ്റ സ്വത്വമാകുന്നതിനു മുമ്പുതന്നെ ഇവിടെ നിന്ന് കുടിയേറ്റങ്ങളും പ്രവാസങ്ങളും ലക്ഷ്യമാക്കിയുള്ള പല രീതിയിലുള്ള യാത്രകൾ സംഭവിച്ചിരുന്നു. കേരളത്തിൽനിന്ന് ബ്രിട്ടീഷ് കോളനിയിലേക്ക് കേരളീയരെ നിർബന്ധപൂർവം അടിമത്തൊഴിലാളികളായി ഉപയോഗിച്ചിരുന്നു. മധ്യകേരളത്തിൽ നിന്നും തെക്കൻകേരളത്തിൽനിന്നും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ മലബാർപ്രദേശങ്ങളിലേക്ക് ഒറ്റപ്പെട്ടതും സംഘടിതവുമായ കുടിയേറ്റങ്ങൾ നടന്നിരുന്നു. ഇക്കാലയളവിൽ തന്നെ മലയാളികൾ ഇന്ത്യയിലെ വൻനഗരങ്ങളായ മുംബൈ (ബോംബെ), ചെന്നൈ (മദ്രാസ്), കൊൽക്കത്ത (കൽക്കട്ട), ഡൽഹി തുടങ്ങിയ ഇടങ്ങളിലേക്ക് ജോലി അന്വേഷിച്ച് വ്യാപകമായി പോയതും ജനസംഖ്യാടിസ്ഥാനമാക്കിയ ചലനാത്മകതയ്ക്ക് ഉദാഹരണമാണ്. ഇതിന് ശേഷമാണ് ഗൾഫ് പ്രദേശങ്ങളിലേക്കുള്ള വ്യാപകകുടിയേറ്റം കേരളത്തിൽ നിന്നുണ്ടാകുന്നത്. ലോകത്തിലെ വികസനകാര്യങ്ങളിൽ മുന്നാക്കം നിൽക്കുന്ന വിദേശ രാജ്യങ്ങളിലേക്കും മലയാളികൾ ജോലിക്കും സ്ഥിരതാമസത്തിനുമായി എത്തിയിട്ടുണ്ട്. വിദ്യാഭ്യാസവും അനുബന്ധതൊഴിലും തേടിയുള്ള കുടിയേറ്റങ്ങളാണ് കേരളത്തിൽ നിന്ന് കൂടുതലും ഉണ്ടാകുന്നത്. കാനഡ, യു.കെ, യു.എസ്.എ, ന്യൂസിലാന്റ് തുടങ്ങിയ രാജ്യങ്ങളിലേക്കാണ് നിലവിൽ ധാരാളം പേർ കുടിയേറുന്നത്.

മുകളിൽ നൽകിയിട്ടുള്ള കാരണങ്ങളിൽ നിന്നും കുടിയേറ്റം എന്താണെന്ന് മനസിലാക്കാം.

ഒരുപ്രദേശത്ത് നിന്ന് മറ്റൊരുപ്രദേശത്തേക്ക് സ്ഥിരമായോ താൽക്കാലികമായോ ജനങ്ങൾ മാറിത്താമസിക്കുന്നതിനെയാണ് കുടിയേറ്റം എന്ന് പറയുന്നത്. പ്രധാനമായും രണ്ടുതരത്തിലുള്ള കുടിയേറ്റങ്ങളാണുള്ളത്.

### ആഭ്യന്തരകുടിയേറ്റം

രാജ്യാതിർത്തിക്കുള്ളിലുള്ള കുടിയേറ്റങ്ങളെ ആഭ്യന്തരകുടിയേറ്റങ്ങൾ എന്നു പറയുന്നു. കേരളത്തിലെ ജനങ്ങൾ തൊഴിൽതേടി മറ്റു സംസ്ഥാനങ്ങളിലേക്ക് പോകുന്നതും ഇതര സംസ്ഥാനങ്ങളിൽ നിന്നും ജനങ്ങൾ കേരളത്തിലേക്ക് വരുന്നതും ആഭ്യന്തര കുടിയേറ്റത്തിന് ഉദാഹരണമാണ്.

### രാജ്യാന്തരകുടിയേറ്റം

രാജ്യത്തിന്റെ അതിർത്തി കടന്നുള്ള കുടിയേറ്റങ്ങളെ പൊതുവെ രാജ്യാന്തരകുടിയേറ്റം എന്ന്പറയുന്നു. ഇന്ത്യയിൽ നിന്ന് ഗൾഫ് രാജ്യങ്ങളിലേക്കും യൂറോപ്യൻ രാജ്യങ്ങളിലേക്കും ജനങ്ങൾ പോകുന്നത് രാജ്യാന്തരകുടിയേറ്റത്തിന് ഉദാഹരണമാണ്.

കുടിയേറ്റം ഒരു പ്രദേശത്തിന്റെ ജനസംഖ്യാഘടനയിൽ മാറ്റമുണ്ടാക്കുന്നു.

വിവിധതരം കുടിയേറ്റങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്. അവ ഏതൊക്കെ കുടിയേറ്റങ്ങളാണ് എന്ന് തിരിച്ചറിഞ്ഞ് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തൂ.

- വിദേശരാജ്യങ്ങളിൽ ജോലിചെയ്യുന്ന മലയാളികൾ
- കേരളത്തിലെ നിർമ്മാണമേഖലയിൽ ജോലിചെയ്യുന്ന ഉത്തരേന്ത്യൻ തൊഴിലാളികൾ
- പഠനാവശ്യത്തിനായി വിദേശരാജ്യങ്ങളിൽ പോകുന്ന വിദ്യാർഥികൾ

| ആഭ്യന്തരകുടിയേറ്റം | രാജ്യാന്തരകുടിയേറ്റം |
|---|---|
| • | • |

## ജനനനിരക്കും മരണനിരക്കും

ഒരു പ്രദേശത്തെ ജനസംഖ്യാവളർച്ച കണക്കാക്കുന്നതിനുള്ള പ്രധാനപ്പെട്ട ഘടകങ്ങളാണ് അവിടത്തെ ജനനനിരക്കും മരണനിരക്കും.

## ശിശുമരണ നിരക്ക്

ഒരു വർഷത്തിൽ ആയിരം ജീവനോടെയുള്ള ജനനങ്ങളിൽ ഒരു വയസ്സിനുള്ളിൽ മരണപ്പെടുന്ന ശിശുക്കളുടെ എണ്ണത്തെ ശിശുമരണനിരക്ക് (Infant Mortality) എന്നു പറയുന്നു.

## മാതൃമരണനിരക്ക്

ഒരു വർഷം നടക്കുന്ന ആയിരം പ്രസവങ്ങളിൽ മരിക്കുന്ന സ്ത്രീകളുടെ എണ്ണത്തെ മാതൃമരണനിരക്ക് (Maternal mortality rate) എന്നു പറയുന്നു.


ഒരു രാജ്യത്തെ ഉയർന്ന ശിശുമരണനിരക്കും മാതൃമരണനിരക്കും ആ രാജ്യത്തിന്റെ പിന്നാക്കാവസ്ഥയുടെയും ദാരിദ്ര്യത്തിന്റെയും സൂചകങ്ങളാണ്.

ജനസംഖ്യയിലെ ഓരോ ആയിരത്തിനും ജീവനോടെ ജനിക്കുന്നവരുടെ എണ്ണമാണ് ജനനനിരക്ക്.

ഒരു പ്രത്യേക പ്രദേശത്ത് നിശ്ചിതസമയത്തിൽ ജനസംഖ്യയിലെ ഓരോ ആയിരത്തിലും മരിക്കുന്നവരുടെ എണ്ണമാണ് മരണനിരക്ക്.

ജനനനിരക്കും മരണനിരക്കും തമ്മിലുള്ള വ്യത്യാസത്തിലാണ് ജനസംഖ്യാവളർച്ച കണക്കാക്കുന്നത്. ജനനനിരക്ക് കുറയുകയും മരണനിരക്ക് ഉയരുകയും ചെയ്യുന്ന അവസ്ഥയിൽ ജനസംഖ്യ കുറയുന്നു. മരണനിരക്കിനെക്കാൾ ജനനനിരക്ക് ഉയരുമ്പോൾ ജനസംഖ്യ വർധിക്കുന്നു.

### ഇന്ത്യയിലെ ജനന-മരണനിരക്ക് 1901-2001




| വർഷം | ജനന നിരക്ക് | മരണ നിരക്ക് |
|---|---|---|
| 1901 | 49.2 | 42.6 |
| 1911 | 48.1 | 47.2 |
| 1921 | 46.4 | 36.3 |
| 1931 | 45.2 | 31.2 |
| 1941 | 39.9 | 27.4 |
| 1951 | 41.7 | 22.8 |
| 1961 | 41.2 | 19 |
| 1971 | 37.1 | 14.8 |
| 1981 | 33.9 | 12.5 |
| 1991 | 29.5 | 9.8 |
| 2001 | 26 | 9 |

നൽകിയിട്ടുള്ള പട്ടികയും ഗ്രാഫും നിരീക്ഷിച്ച് ഇന്ത്യയിലെ ജനനനിരക്ക്, മരണനിരക്ക് എന്നിവയുടെ പ്രവണതകൾ കണ്ടെത്തൂ. 2011 സെൻസസ് പ്രകാരം ഇന്ത്യയിലെ ജനനനിരക്കും മരണനിരക്കും കണ്ടെത്തുക.

*Source: SRS Bulletin, Registrar General of India, 2016, National Commission on Population, Government of India.*
*website: http://populationcommission.nic.in/facts1.htm#*

ജനന-മരണ സ്ഥിതിവിവരക്കണക്കിന്റെ കൃത്യത, ഇവ ബന്ധപ്പെട്ട ഏജൻസികളെ അറിയിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഇന്ത്യയടക്കമുള്ള ഒട്ടുമിക്ക രാജ്യങ്ങളിലും ജനനമരണങ്ങൾ യഥാസമയം രജിസ്റ്റർ ചെയ്യണമെന്ന് നിയമം അനുശാസിക്കുന്നു.

ഗ്രാമപ്രദേശത്ത് ജനന-മരണങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതെവിടെയാണ്?
നഗര/പട്ടണപ്രദേശത്ത് ജനന-മരണങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതെവിടെയാണ്?

പകർച്ചവ്യാധി, ക്ഷാമം, കാലാവസ്ഥാവ്യതിയാനം എന്നിവ മരണ നിരക്കിനെ എങ്ങനെ ബാധിക്കുന്നുവെന്ന് ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

2011 സെൻസസ് റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെയും കേരളത്തിലെയും ജനനനിരക്കും മരണനിരക്കും കണ്ടെത്തി നോട്ട് ബുക്കിൽ കുറിക്കൂ.

## ജനസാന്ദ്രത

ഒരു പ്രദേശത്തെ പ്രധാന സാമൂഹിക-സാമ്പത്തിക ഘടകങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഒന്നാണ് അവിടത്തെ ജനസാന്ദ്രത.

ഒരുപ്രദേശത്ത് നിശ്ചിതകാലയളവിൽ അധിവസിക്കുന്ന ജനങ്ങളുടെ ആകെ എണ്ണമാണ് ആ പ്രദേശത്തെ ജനസംഖ്യ. എന്നാൽ ഓരോ ചതുരശ്ര കിലോമീറ്റർ പ്രദേശത്തുള്ള ശരാശരി ജനസംഖ്യയെ ജനസാന്ദ്രത (Density of Population) എന്നുപറയുന്നു.

2011 സെൻസസ് റിപ്പോർട്ട് പരിശോധിച്ച് ജനസംഖ്യ, ജനസാന്ദ്രത എന്നിവ കൂടുതലുള്ള സംസ്ഥാനങ്ങൾ, കുറവുള്ള സംസ്ഥാനങ്ങൾ എന്നിവ കണ്ടെത്തി, ചാർട്ട് തയ്യാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കൂ.

ഇന്ത്യയിൽ ജനസാന്ദ്രതയിൽ പ്രകടമായ പ്രാദേശിക വ്യത്യാസങ്ങൾ നിലനിൽക്കുന്നു. 2011 സെൻസസ് പ്രകാരം ജനസാന്ദ്രതയിൽ ഡൽഹി ഏറ്റവും മുന്നിലും അരുണാചൽപ്രദേശ് ഏറ്റവും പിന്നിലുമാണ്.

ഉയർന്ന ജനസാന്ദ്രതയുള്ള പ്രദേശത്തെ സാമൂഹികപ്രശ്നങ്ങൾ എന്തെല്ലാമാണ്? പട്ടിക പൂർത്തീകരിക്കൂ.

- തുറസ്സായ സ്ഥലമില്ലായ്മ
- മലിനീകരണം
- ജലസംഭരണ കുറവ്
- ആൾക്കൂട്ടം
- 
- 



ഇന്ത്യയിൽ ചില സംസ്ഥാനങ്ങളിൽ ജനസംഖ്യ വളരെ ഉയർന്നും മറ്റ് ചില സംസ്ഥാനങ്ങളിൽ വളരെ താഴ്ന്നും നിൽക്കുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമായിരിക്കാം?

- കാലാവസ്ഥ
- ഭൂപ്രകൃതി
- ജലലഭ്യത
- മണ്ണിനങ്ങൾ
-
-

## സ്ത്രീ-പുരുഷാനുപാതവും ശിശുലിംഗാനുപാതവും

സ്ത്രീ-പുരുഷാനുപാതം ജനസംഖ്യയുടെ വളർച്ചാനിരക്കുകളെയും അതിന്റെ പരിണാമത്തെയും സ്വാധീനിക്കുന്നു. ജനസംഖ്യയുടെ സ്ത്രീ-പുരുഷാനുപാതം ജനനനിരക്ക്, മരണനിരക്ക്, കുടിയേറ്റം എന്നിവയെ ബാധിക്കുന്നു.

ഒരു നിശ്ചിതകാലയളവിൽ ഒരു പ്രത്യേക പ്രദേശത്തെ ആയിരം പുരുഷന്മാർക്ക് ആനുപാതികമായി എത്ര സ്ത്രീകളുണ്ട് എന്ന് കണക്കാക്കുന്നതിനെയാണ് സ്ത്രീ-പുരുഷാനുപാതം (Sex Ratio) എന്നു പറയുന്നത്.

0-6 വയസിനുള്ളിൽ 1000 ആൺകുട്ടികൾക്ക് ആനുപാതികമായി എത്ര പെൺകുട്ടികൾ എന്ന് കണക്കാക്കുന്നതിനെയാണ് ശിശുലിംഗാനുപാതം (Child Sex Ratio) എന്നു പറയുന്നത്.

### ഇന്ത്യയിലെ കുറയുന്ന സ്ത്രീ-പുരുഷാനുപാതവും ശിശുലിംഗാനുപാതവും - 1961-2011

| വർഷം | സ്ത്രീ-പുരുഷാനുപാതം | ശിശുലിംഗാനുപാതം |
|---|---|---|
| 1961 | 941 | 960 |
| 1971 | 930 | 964 |
| 1981 | 934 | 962 |
| 1991 | 927 | 945 |
| 2001 | 933 | 927 |
| 2011 | 940 | 914 |

*Source: *Census of India 2011 (Provisional) Government of India*

പട്ടിക നിരീക്ഷിച്ച് ഇന്ത്യയിലെ സ്ത്രീ-പുരുഷാനുപാതത്തിലെയും ശിശുലിംഗാനുപാതത്തിലെയും പ്രവണതകളെക്കുറിച്ച് ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കൂ. കേരളത്തിന്റെ സ്ത്രീ-പുരുഷാനുപാതവും ശിശുലിംഗാനുപാതവും തമ്മിൽ താരതമ്യം ചെയ്യുക.

സ്ത്രീ-പുരുഷാനുപാതത്തിന് സ്ത്രീ-പുരുഷ സന്തുലിതാവസ്ഥയിൽ വലിയ പങ്കുണ്ട്. ഒരു പ്രദേശത്തെ ജനസംഖ്യാവളർച്ച പ്രവചിക്കുന്നതിനും ജനസംഖ്യയുടെ വലുപ്പം കണക്കാക്കുന്നതിനും സ്ത്രീ-പുരുഷാനുപാതം ഉപയോഗിക്കുന്നു.

2011 സെൻസസ് പ്രകാരം ഇന്ത്യയിലെയും കേരളത്തിലെയും സ്ത്രീ-പുരുഷാനുപാതം എത്രയാണ്?

കുറയുന്ന സ്ത്രീ-പുരുഷാനുപാതം എന്തൊക്കെ സാമൂഹികപ്രശ്നങ്ങളായിരിക്കാം സൃഷ്ടിക്കുന്നത്?

- 
- 

ഇന്ത്യയിൽ സ്ത്രീ-പുരുഷാനുപാതം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ നീതിആയോഗ് മുന്നോട്ടു വച്ചിട്ടുണ്ട്. താഴെപ്പറയുന്ന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

- പെൺകുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് അവബോധം വളർത്തുക
- പെൺകുട്ടികൾക്ക് മികച്ച ആരോഗ്യസംരക്ഷണവും വിദ്യാഭ്യാസവും നൽകുക
- സ്ത്രീകളെയും പെൺകുട്ടികളെയും ശാക്തീകരിക്കുക

## ആയൂർദൈർഘ്യം

എല്ലാ രാജ്യങ്ങളും അവിടെയുള്ള ജനതയുടെ ആരോഗ്യം വർധിപ്പിക്കുന്നതിനും മരണനിരക്ക് കുറയ്ക്കുന്നതിനുമായി പ്രയത്നിക്കുന്നു. ഒരു പ്രദേശത്തെ ജനസംഖ്യാവളർച്ച കണക്കാക്കുന്നതിനുള്ള പ്രധാന ഘടകമാണ് ആയുർദൈർഘ്യം.

ഒരാൾ ശരാശരി എത്രകാലം ജീവിച്ചിരിക്കും എന്ന കണക്കാണ് ആയൂർദൈർഘ്യം എന്നു പറയുന്നത്. ഒരു നിശ്ചിത പ്രദേശത്തെ ഓരോ പ്രായവിഭാഗത്തിലെയും മരണനിരക്കിന്റെ അടിസ്ഥാനത്തിലാണ് ആയൂർദൈർഘ്യം കണക്കാക്കുന്നത്.

താഴെ നൽകിയിരിക്കുന്ന പട്ടിക ശ്രദ്ധിക്കൂ.

| സംസ്ഥാനം/ കേന്ദ്രഭരണപ്രദേശം | ആയുർദൈർഘ്യം (പുരുഷൻ) | ആയുർദൈർഘ്യം (സ്ത്രീ) |
|---|---|---|
| കേരളം | 72.3 | 78.0 |
| മഹാരാഷ്ട്ര | 71.6 | 74.0 |
| പഞ്ചാബ് | 71.1 | 74.7 |
| ഉത്തർപ്രദേശ് | 65.0 | 66.2 |
| ഛത്തിസ്ഗഢ് | 63.7 | 66.9 |
| ഇന്ത്യ | 68.4 | 71.1 |

അവലംബം : **NSO, 2022**

2022-ൽ പുറത്തിറങ്ങിയ 'നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ (NSO), വിമൺ ആൻഡ് മെൻ ഇൻ ഇന്ത്യ റിപ്പോർട്ട്' അനുസരിച്ച് 2015-19 കാലയളവിൽ ഇന്ത്യയിലെ സ്ത്രീ-പുരുഷ ആയുർദൈർഘ്യം യഥാക്രമം 71.1 ഉം, 68.4 ഉം ആണ്. അതേസമയം കേരളത്തിലെ സ്ത്രീ-പുരുഷ ആയുർദൈർഘ്യം 78.0 ഉം 72.3ഉം ആണ്.

കേരളത്തിലെ ഉയർന്ന ആയൂർദൈർഘ്യത്തിന് നിരവധി ഘടകങ്ങൾ കാരണമാണ്.

- ഉയർന്ന സാക്ഷരതാനിരക്കും ഉന്നതവിദ്യാഭ്യാസവും
- വികേന്ദ്രീകൃത പൊതുജനാരോഗ്യനയം
- ശുചിത്വം
- ഭക്ഷ്യലഭ്യതയും പൊതുവിതരണവും

☎ **14567**

വയോജനങ്ങൾക്കായുള്ള ഹെൽപ്പ് ലൈൻ നമ്പർ

വയോജനങ്ങളുടെ സാമൂഹികക്ഷേമത്തിനും സുരക്ഷിതത്വത്തിനും വിവിധ കർമ്മപരിപാടികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേരളത്തിലെ 60 വയസ്സിന് മേൽ പ്രായമുള്ളവരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്താൻ സംസ്ഥാന സർക്കാർ 2013-ൽ '**സംസ്ഥാന വയോജന നയം**' ആവിഷ്ക്കരിച്ചു.

വയോജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പകൽവീട്, വയോരക്ഷാപദ്ധതി, വയോമിത്രം പദ്ധതി, അമൃതം പദ്ധതി എന്നിവ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഇവയെക്കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുക.

ലോക ജനസംഖ്യാദിനമായി ആചരിക്കുന്നത് എന്നാണ്? ലോക ജനസംഖ്യാദിന സന്ദേശമടങ്ങുന്ന പ്ലക്കാർഡ് തയ്യാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കൂ.

## ജനസംഖ്യാ പ്രായഘടന

ജനസംഖ്യക്രമീകരണത്തിന്റെ പ്രധാനപ്പെട്ട സൂചകമാണ് ജനസംഖ്യാ പ്രായഘടന.

ആപേക്ഷികമായി വ്യത്യസ്ത പ്രായവിഭാഗത്തിലുള്ള വ്യക്തികളുടെ അനുപാതമാണ് ജനസംഖ്യാ പ്രായഘടന (Age structure of population).

പുരോഗതി, ശരാശരി ആയുർദൈർഘ്യം എന്നിവയിലുള്ള മാറ്റങ്ങൾ പ്രായഘടനയെ ബാധിക്കുന്നു. ജനസംഖ്യയെ വിവിധ പ്രായക്കാരുടെ ഗ്രൂപ്പുകളായിതിരിച്ച് ആകെ ജനസംഖ്യയിൽ ഓരോഗ്രൂപ്പും എത്രയെന്ന് ആനുപാതികമായി വിശേഷിപ്പിക്കുന്നതിനെയാണ് ജനസംഖ്യപ്രായഘടന എന്ന് പറയുന്നത്.

| പ്രായവിഭാഗം | പ്രായം |
|---|---|
| 0-14 | കുട്ടികൾ |
| 15-59 | യുവാക്കൾ |
| 60 ന് മുകളിൽ | പ്രായമായവർ |

*Source: Technical Group on Population Projections (1996 and 2006) of the National Commission on Population. http://populationcommission.nic.in/facts1.htm*

ഒരു പ്രദേശത്തെ ജനനനിരക്കും മരണനിരക്കും ആ പ്രദേശത്തിന്റെ ജനസംഖ്യാപ്രായഘടനയിൽ സ്വാധീനം ചെലുത്തുന്നു. നമ്മുടെ രാജ്യത്ത് മുമ്പ് ശരിയായ ആരോഗ്യ സംരക്ഷണമില്ലാത്തതുകൊണ്ടും രോഗങ്ങൾ കൊണ്ടും മറ്റു ഘടകങ്ങൾ കൊണ്ടും ശരാശരി ആയുർദൈർഘ്യം കുറയുന്നതിന് കാരണമായി. കൂടാതെ ശിശു-മാതൃ മരണനിരക്ക് ഉയർന്നതും പ്രായഘടനയെ സ്വാധീനിച്ചു. എന്നാൽ രാജ്യത്തിന്റെ വികസനത്തോടൊപ്പം ജീവിതനിലവാരവും ഉയരുകയും ആയുർദൈർഘ്യം വർധിക്കുകയും ചെയ്തു. താരതമ്യേന പ്രായംകൂടിയ വിഭാഗത്തിന്റെ പ്രായഘടനാനുപാതം ചെറുപ്രായവിഭാഗത്തെക്കാൾ ഉയർന്നു. ഈ പ്രായഘടനയെയാണ് വാർധക്യബാധിത ജനത (Ageing Population) എന്നു പറയുന്നത്.

2011 ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ പ്രായവിഭാഗത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു.



| ജനസംഖ്യയുടെ പ്രായവിഭാഗം | ജനസംഖ്യയുടെ ശതമാനം |
|---|---|
| 0 – 14 വയസ്സ് | 29 |
| 15 – 59 | 63 |
| 60 വയസ്സും അതിൽ കൂടുതലും | 8 |

*Source: Based on data from the Technical Group on Population Projections (1996 and 2006) of the National Commission on Population.*

*Webpage for 1996 Report: http://populationcommission.nic.in/facts1.htm*

- ഏറ്റവും കൂടുതൽ ജനസംഖ്യ ഏത് പ്രായവിഭാഗത്തിൽ ആണ്?
- കുറഞ്ഞ ജനസംഖ്യ ഏത് പ്രായവിഭാഗത്തിൽ ആണ്?

ഇന്ത്യയിൽ ഉയർന്ന അനുപാതത്തിൽ യുവജന സംഖ്യയുണ്ടെന്നും കുറഞ്ഞ അനുപാതത്തിൽ പ്രായമായവരാണെന്നും പട്ടിക സൂചിപ്പിക്കുന്നു. യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ ശക്തിനൽകാനും സാമ്പത്തികവളർച്ചയുണ്ടാക്കാനും സാധിക്കും. ഇതിനായി യുവജനങ്ങൾക്ക് വിദ്യാഭ്യാസത്തിലും ആരോഗ്യസംരക്ഷണത്തിലും കൂടുതൽ പ്രാധാന്യം ആവശ്യമാണ്. അതേസമയം പ്രായാധിക്യമുള്ളവർക്ക് സാമൂഹിക സുരക്ഷ, ആരോഗ്യപരിരക്ഷാ സംവിധാനം എന്നിവയിൽ കൂടുതൽ ശ്രദ്ധനൽകേണ്ടതായും വരുന്നു.



2011 ലെ സെൻസസ് പ്രകാരം ഇന്ത്യയുടെയും കേരളത്തിന്റെയും ജനസംഖ്യ പ്രായഘടന കണ്ടെത്തി 'വയോജനത' രാജ്യത്തിനെയും സംസ്ഥാനത്തിനെയും എങ്ങനെ ബാധിക്കുന്നുവെന്ന് ക്ലാസിൽ ചർച്ച സംഘടിപ്പിക്കൂ.

## ആശ്രിതാനുപാതം

15 മുതൽ 64 വയസ്സ് വരെ പ്രായമുള്ളവരാണ് (സജീവമായ പ്രായഘടന) ഒരുരാജ്യത്തെ അധ്വാനിക്കുന്ന ജനസംഖ്യ. 15ന് താഴെയും 64 ന് മുകളിലും പ്രായഘടനയിൽ ഉള്ളവർ ആശ്രിതവിഭാഗത്തിൽ ഉൾപ്പെടുന്നു.

ജനസംഖ്യയിലെ ആശ്രിതവിഭാഗത്തെയും തൊഴിലെടുക്കുന്ന വിഭാഗത്തെയും താരതമ്യം ചെയ്യുന്ന മാനദണ്ഡത്തെ ആശ്രിതാനുപാതം എന്ന് പറയുന്നു.

ആശ്രിതാനുപാതം ഒരു രാജ്യത്തെ സാമ്പത്തികക്ഷമതയെ ഒരു പരിധിവരെ സ്വാധീനിക്കും. ആശ്രിതാനുപാതം മനസ്സിലാക്കുന്നതിലൂടെ

തിലൂടെ സർക്കാരുകൾക്ക് ആരോഗ്യ സംവിധാനം, വിദ്യാഭ്യാസമേഖല എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായി വിലയിരുത്താനും അതോടൊപ്പം പ്രവർത്തനങ്ങൾ വിഭാവനം ചെയ്യാനും കഴിയുന്നു. ക്ഷേമവും കരുതലും ആവശ്യമുള്ളവരുടെ എണ്ണം മനസ്സിലാക്കാനും അവർക്ക് വേണ്ട പദ്ധതികൾ രൂപീകരിക്കാനും ആശ്രിതാനുപാതം സഹായിക്കുന്നു.

ആശ്രിതാനുപാതം ഉയരുമ്പോൾ വയോജനതയുടെ എണ്ണവും വർധിക്കുന്നത് രാജ്യം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിലൊന്നാണ്. തൊഴിലെടുക്കാൻ പ്രാപ്തിയുള്ള ജനത (15നും 64നും ഇടയിൽ പ്രായമുള്ളവർ) തൊഴിലിലേർപ്പെടാൻ കഴിയാത്ത വലിയവിഭാഗത്തെ ഏറ്റെടുക്കേണ്ട ബാധ്യതയുണ്ടാകുന്നു. ആശ്രിതാനുപാതം കുറയുന്നത് രാജ്യത്തെ സാമ്പത്തികപുരോഗതിയിലേക്ക് നയിക്കുകയും ചെയ്യുന്നു. അതായത് സജീവപ്രായത്തിലുള്ളവരിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം തൊഴിലെടുക്കാത്തവരുടെ എണ്ണത്തെക്കാൾ കൂടുതലാകുന്നു. ഇതിനെ **ജനസംഖ്യാലാഭവിഹിതം അല്ലെങ്കിൽ ജനസംഖ്യാപരമായ നേട്ടം** (Demographic Dividend) എന്നു പറയുന്നു. ജോലിയെടുക്കുന്നവർ ക്രമേണ ജോലിയെടുക്കാൻ പ്രാപ്തിയല്ലാത്തവരായി മാറുന്നതിനാൽ ഇത് സ്ഥായിയായി നിൽക്കുന്നില്ല.

### ജനസംഖ്യാലാഭവിഹിതത്തിന്റെ നേട്ടങ്ങൾ

- രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക പുരോഗതി വർധിക്കുന്നു
- രാജ്യത്തിന്റെ ഉൽപാദനക്ഷമത വർധിക്കുന്നു
- രാജ്യത്തിന് ഉയർന്ന മനുഷ്യവിഭവശേഷി ലഭിക്കുന്നു

ജനസംഖ്യാലാഭവിഹിതത്തിന്റെ മുഴുവൻ നേട്ടങ്ങളും ലഭിക്കുന്നതിനായി യുവജനങ്ങൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ആവശ്യമാണ്. ഇതിനായി ധാരാളം സംരംഭങ്ങൾ നിലവിലുണ്ട്.

കേരളത്തിലെ സംരംഭകത്വ വികസനത്തിനും പ്രവർത്തനങ്ങൾക്കുമുള്ള സർക്കാരിന്റെ നോഡൽ ഏജൻസിയാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ. സാങ്കേതികവിദ്യാധിഷ്ഠിത വാണിജ്യപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് 2006-ലാണ് തിരുവനന്തപുരം ആസ്ഥാനമാക്കി ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്.

ഇന്ത്യക്ക് ജനസംഖ്യാലാഭവിഹിതത്തിന്റെ നേട്ടങ്ങൾ കൈവരിക്കുന്നതിന് എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കൂ.

ഇന്ത്യയിലെ ജനസംഖ്യ യുവത്വമുള്ളതാണ്. അതായത് ഇവിടെ ഭൂരിപക്ഷവും യുവജനതകളാണ്. രാജ്യത്തിന്റെ സുസ്ഥിരവികസനത്തിന് മനുഷ്യവിഭവ ശേഷിയുടെ പങ്ക് നിർണ്ണായകമാണ്. ഈ അധ്യായത്തിൽ നമ്മൾ ചർച്ചചെയ്തത് ജനസംഖ്യ പ്രവണതകളായ ജനന-മരണ നിരക്കുകൾ, കുടിയേറ്റം, പ്രായഘടന, സ്ത്രീ-പുരുഷാനുപാതം, ആശ്രിതാനുപാതം, ആയുർദൈർഘ്യം തുടങ്ങിയവയാണ്. ജനസംഖ്യാലാഭവിഹിതത്തിൽ യുവജനതയുടെ പ്രയോജനം ലഭ്യമാക്കുന്നതിനോടൊപ്പം ആശ്രിതവിഭാഗങ്ങളുടെ സംരക്ഷണവും പരിഗണിക്കേണ്ടതുണ്ട്.

## ദേശീയ ജനസംഖ്യാനയം

സ്വാതന്ത്ര്യലബ്ധിക്കു മുമ്പുതന്നെ ഇന്ത്യയുടെ വർധിച്ചുവരുന്ന ജനസംഖ്യ നിയന്ത്രിക്കുന്നതിനുള്ള ആലോചനകൾ ദേശീയപ്രസ്ഥാനങ്ങളുടെ ഭാഗമായി ആരംഭിച്ചിരുന്നു. സ്വാതന്ത്ര്യത്തിനു ശേഷം സർക്കാറിന്റെ ആഭിമുഖ്യത്തിൽ കുടുംബാസൂത്രണ പദ്ധതി മുന്നോട്ടുവച്ച ആദ്യ വികസ്വര രാജ്യമായി ഇന്ത്യ മാറുകയുണ്ടായി. 1976 ലാണ് ഇന്ത്യയുടെ ആദ്യത്തെ ദേശീയ ജനസംഖ്യാനയം നിലവിൽവന്നത്. അതിനുശേഷം ഡോ.എം.എസ്. സ്വാമിനാഥന്റെ നേതൃത്വത്തിൽ ദീർഘകാല നേട്ടങ്ങളെ ആസ്പദമാക്കി പുതിയ ദേശീയ ജനസംഖ്യാനയത്തിന്റെ കരട് രൂപീകരിക്കപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ 2000-ൽ നിലവിലെ ദേശീയ ജനസംഖ്യാനയം പ്രാബല്യത്തിൽ വന്നു. 2045 ഓടു കൂടി സുസ്ഥിര സാമ്പത്തികവളർച്ച, സാമൂഹികപുരോഗതി, പരിസ്ഥിതി സംരക്ഷണം എന്നിവയെ ബലപ്പെടുത്തുന്ന രീതിയിൽ ജനസംഖ്യ ക്രമീകരിക്കപ്പെടണം എന്നാണ് ദേശീയ ജനസംഖ്യാ നയം 2000-ന്റെ ദീർഘകാലലക്ഷ്യം.

അവലംബം: National Population Policy 2000 Published by Govt. of India.

ഓരോ വ്യക്തിയുടെയും പൂർണ്ണമായ അറിവുകളും കഴിവുകളും ഉപയോഗിച്ചുകൊണ്ട് വ്യക്തിപരവും സാമൂഹികവും സാമ്പത്തികവുമായ ക്ഷേമം കൈവരിക്കാൻ രാജ്യത്തിന്റെ മനുഷ്യവിഭവശേഷിക്ക് സാധിക്കും. ഇന്ത്യയിലെ ജനസംഖ്യാവളർച്ചയും ലഭ്യമായ വിഭവങ്ങളും പാരിസ്ഥിതികശേഷിയും ഇപ്പോഴത്തെ തലമുറയുടെ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തിക്കൊണ്ട്, വരുംതലമുറകൾക്കു കൂടി ഉപയുക്തമാകുന്ന രീതിയിൽ കൈകാര്യം ചെയ്താൽ മാത്രമേ സുസ്ഥിരവികസനം കൈവരിക്കാൻ സാധിക്കുകയുള്ളു.

## തുടർപ്രവർത്തനങ്ങൾ

- www.censusindia.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് ജനസംഖ്യയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ശേഖരിക്കുക.
- കേരളത്തിൽ രാജ്യാന്തരകുടിയേറ്റം മൂലം മനുഷ്യവിഭവശോഷണം സംഭവിക്കുന്ന പ്രദേശങ്ങളെകുറിച്ച് വാർത്തകൾ ശേഖരിച്ച് കൊളാഷ് തയ്യാറാക്കുക.
- മിനിസ്ട്രി ഓഫ് എക്സ്റ്റേണൽ അഫയേഴ്സ് വെബ്സൈറ്റ് സന്ദർശിച്ച് ഇന്ത്യയിൽ നിന്നുള്ള കുടിയേറ്റത്തിന്റെ സ്ഥിതിവിവരകണക്ക് ശേഖരിച്ച് ചാർട്ട് തയ്യാറാക്കി പ്രദർശിപ്പിക്കുക.
- NSO വെബ്സൈറ്റിൽ (https://mospi.gov.in) നിന്നും മറ്റ് സംസ്ഥാനങ്ങളുടെ സ്ത്രീ-പുരുഷാനുപാതം കണ്ടുപിടിക്കുമല്ലോ? എന്തുകൊണ്ടായിരിക്കാം വിവിധ സംസ്ഥാനങ്ങളിൽ സ്ത്രീ-പുരുഷാനുപാതത്തിൽ വ്യത്യാസം ഉള്ളത്. ക്ലാസിൽചർച്ച നടത്തി അവതരിപ്പിക്കുമല്ലോ?

  ചർച്ചാസൂചകങ്ങൾ

  - പെൺഭ്രൂണഹത്യ
  - ആൺകുട്ടികളോടുള്ള മുൻഗണനാമനോഭാവം
  - അപര്യാപ്തമായ ആരോഗ്യപരിപാലനം
- കേരളത്തിൽ സ്ത്രീ-പുരുഷാനുപാതം മെച്ചപ്പെടുത്തുന്നതിനും സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടിയും കേരളസർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു.

  - സഹായഹസ്തം
  - പ്രത്യാശ
  - വിവകേരള

  മേല്പറഞ്ഞവയുടെ വിശദാംശങ്ങൾ ശേഖരിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക
- കേരളത്തിലെ ജനസംഖ്യാവളർച്ചയെക്കുറിച്ച് ഒരു സെമിനാർ സംഘടിപ്പിക്കുക. ചുവടെ കൊടുത്തിരിക്കുന്ന ആശയമേഖലകൾ കൂടി പരിഗണിച്ചാണ് സെമിനാർ പ്രബന്ധം തയ്യാറാക്കേണ്ടത്.

  - കേരളത്തിലെ ജനസംഖ്യ - കൂടിയ ജില്ല, കുറവുള്ള ജില്ല
  - കേരളത്തിലെ ജനസാന്ദ്രത - കൂടിയ ജില്ല കുറവുള്ള ജില്ല
  - കുടിയേറ്റം - ആഭ്യന്തരം, രാജ്യാന്തരം
  - ജനന-മരണനിരക്ക്

- ആയുർദൈർഘ്യം
- പ്രായഘടന
- ജനസംഖ്യ, ലാഭവിഹിതം
-
-

- ജനസംഖ്യാശാസ്ത്രത്തിന്റെ സാമൂഹിക പ്രത്യേകതകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക
- മിനിസ്ട്രി ഓഫ് എക്സ്റ്റേണൽ അഫയേഴ്സിന്റെ (MoEA) വെബ്സൈറ്റ് സന്ദർശിച്ച് ഇന്ത്യയിൽ നിന്നും മറ്റു രാജ്യങ്ങളിലേക്ക് കുടിയേറുന്നവരുടെ സ്ഥിതി വിവരക്കണക്ക് കണ്ടെത്തി ചാർട്ടിൽ പ്രദർശിപ്പിക്കുക.